**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2642      12.02.2019 -ൽ മറുപടിയ്ക്ക്

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.അബ്ദുൽ ഹമീദ്.പി**<br>**പ്രൊഫ.ആബിദ് ഹുസൈൻതങ്ങൾ**<br>**ഡോ.എം.കെ.മുനീർ**<br>**ശ്രീ.സി.മമ്മൂട്ടി** | **ശ്രീ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ നിർവ്വഹിച്ച വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) 1. പശു, എരുമ എന്നിവയിൽ കൃത്രിമ ബീജധാനം നടത്തുക.<br>2.കൃത്രിമ ബീജധാനം നടത്തി 3 മാസത്തിനുശേഷം ഗർഭ പരിശോധന നടത്തുക.<br>3. രാവിലെ 9 മുതൽ 9.30 വരെ ഫീൽഡ് വർക്ക് നടത്തി ഫീൽഡ് നോട്ട് ബുക്കിൽ ദിവസേന രേഖപ്പെടുത്തുക.<br>4. പശു, എരുമ എന്നീ മൃഗങ്ങളിൽ വന്ധ്യത ഉള്ളതായി ബോദ്ധ്യപ്പെട്ടാൽ ചികിത്സക്കായി അടുത്തുള്ള വെറ്ററിനറി സർജന് റിപ്പോർട്ട് ചെയ്യുക.<br>5.കർഷകരുടെ മൃഗങ്ങൾക്ക് പ്രാഥമിക ശുശ്രൂഷ മരുന്നുകൾ വിതരണം ചെയ്യുക.<br>6.പുൽകൃഷിയുടെ വ്യാപനം പ്രോത്സാഹിപ്പിക്കുക.<br>7. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതും ആയ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വെറ്ററിനറി സർജനെ സഹായിക്കുക.<br>8. മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ കർഷകരിൽ എത്തിക്കുക.<br>9.പ്രതിരോധ കുത്തിവയ്പ്പ് പ്രവർത്തനങ്ങൾ നടത്തുക. പ്രഥമ ശുശ്രൂഷ പ്രവർത്തനങ്ങൾ നടത്തുക.<br>10.ഓഫീസ് പ്രവർത്തനങ്ങളിൽ വെറ്ററിനറി സർജനെ സഹായിക്കുക.<br>11.ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ മൃഗങ്ങളുടെ പ്രതിരോധ കുത്തിവയ്പ്പ് നടത്തുമ്പോൾ തൽസമയം ഓൺലൈൻ റിപ്പോർട്ട് ചെയ്യുകയും കൂടാതെ കൃത്രിമ ബീജ സങ്കലനം |

നടത്തുമ്പോൾ INAPH software ൽ തൽസമയം എൻട്രി നടത്തുകയും ചെയ്യുക.

(ബി) ഇവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും വകുപ്പ് ഇലക്ട്രോണിക്ക് ടാബ് വിതരണം നടത്തുകയും സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. ഇത് മൂലം ഇവർ കർഷക ഭവനങ്ങൾ സന്ദർശിക്കുമ്പോൾ കർഷകരുടെ വിവരം അവർ വളർത്തുന്ന മൃഗങ്ങളുടെ വിവരം എന്നിവ തൽസമയം തന്നെ ടാബിൽ രേഖപ്പെടുത്തുവാനും, ജിയോ മാപ്പിംഗ് നടത്തുവാനും അത് വഴി വകുപ്പിന് കൃത്യമായി നിരീക്ഷണത്തിനും കർഷകർക്ക് വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ഇത് സഹായകരമാണ്. ഇവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് RAHC വഴിയും അതാത് മൃഗാശുപത്രി വഴിയും ഇവരുടെ പ്രവർത്തനം വിലയിരുത്തുന്നു. മൃഗങ്ങളുടെ പ്രതിരോധ കുത്തിവയ്പ്പുമായി ബന്ധപ്പെട്ട് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്ക് സ്ക്വാഡ് അലവൻസ് നൽകി വരുന്നു. കൂടാതെ സാമ്പിൾ സർവ്വെ നടത്തുന്നതിന് പ്രത്യേക അലവൻസും നൽകിവരുന്നു.

(സി) കന്നുകാലികളെ വളർത്തുന്നവർക്ക് ആവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിന് പ്രസ്തുത വിഭാഗം ജീവനക്കാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ കന്നുകുട്ടികളുടെ വെരിഫിക്കേഷൻ നടത്തുകയും എല്ലാ മാസവും കന്നുകുട്ടി തീറ്റ നൽകുന്നതിന്റെ ഗുണഭോക്തൃ വിഹിതം സ്വീകരിക്കുകയും ചെയ്യുന്നു. തദവസരത്തിൽ കന്നുകുട്ടികളെ വളർത്തുന്നതിന് വേണ്ട ശാസ്ത്രീയമായ രീതികളെ കുറിച്ചുള്ള അറിവ് അവർ കർഷർക്ക് പകർന്ന് കൊടുക്കുകയും ചെയ്യുന്നു. വകുപ്പിന്റെ സേവനപരിധിയിൽ വരുന്ന കേരളത്തിലെ എല്ലാ പക്ഷി മൃഗാദികളുടെയും ഉടമകളുടെ വീടുകൾ അക്ഷാംശത്തിന്റെയും രേഖാംശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിന് ആയി വികസിപ്പിക്കപ്പെട്ട ആൻഡ്രോയിഡ് ആപ്ലിക്കേഷൻ ഭൂമികയിലൂടെ കർഷകരുടെ രജിസ്ട്രേഷൻ പ്രക്രിയയും നടത്തിവരുന്നു.

ഇവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ മൃഗസംരക്ഷണ ഓഫീസുകളും e-filing സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട്. അതു വഴി

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവനം ഓഫീസ് ഫയലുകൾ കൈകാര്യം ചെയ്യുന്നതിനും അത് വഴി പൊതുജനങ്ങൾക്ക് കാര്യക്ഷമമായ സേവനം ലഭിക്കുന്നതിന് സഹായകരമാകുന്നു.

എല്ലാ ദിവസവും ഫീൽഡ് വിസിറ്റ് നടത്തുമ്പോൾ കർഷർക്ക് വേണ്ട കാര്യങ്ങൾ പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന 20-ാമത് കന്നുകാലി സെൻസസ് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ മാർ ആണ് നിർവഹിക്കുന്നത്. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ മൃഗങ്ങളുടെ പ്രതിരോധ കുത്തിവയ്പ്പ് നടത്തുമ്പോൾ തൽസമയം ഓൺലൈൻ റിപ്പോർട്ട് ചെയ്യുന്നു. കൂടാതെ കൃത്രിമബീജസങ്കലനം നടത്തുമ്പോൾ INAPH software ൽ തൽസമയം എൻട്രി ചെയ്യുന്നു.

| | |
|---|---|
| (ഡി) ഈ വിഭാഗം ജീവനക്കാരുടെ ഫീൽഡ് ഡ്യൂട്ടി കാര്യക്ഷമവും സത്യസന്ധവുമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി) ഈ വിഭാഗം ജീവനക്കാരുടെ ഫീൽഡ് ഡ്യൂട്ടി കാര്യക്ഷമവും സത്യസന്ധവുമായി നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ